## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം


നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 459 — 28.6.2011 ൽ മറുപടിയ്ക്ക്

## സച്ചാർ കമ്മിററി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പാലോളി മുഹമ്മദുകുട്ടിയുടെ നേതൃത്വത്തിൽ നിയോഗിച്ച കമ്മിററിയുടെ വിശദാംശം

**ചോദ്യം**

ശ്രീ. ററി.എ. അഹമ്മദ് കബീർ
" എം.പി. അബ്ദുസ്സമദ് സമദാനി
" കെ.എം. ഷാജി
" സി. മമ്മുട്ടി

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സച്ചാർ കമ്മിററി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പാലൊളി മുഹമ്മദുകുട്ടിയുടെ നേതൃത്വത്തിൽ സംസ്ഥാനം ഒരു കമ്മിററിയെ നിയോഗിച്ച സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ; | (എ) | ഇന്ത്യയിലെ മുസ്ലീങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക - സാമ്പത്തിക മേഖലകളിലെ സ്ഥിതി വിവര കണക്കുകളും അവസ്ഥാ വിശേഷങ്ങളും ശേഖരിച്ച് അവ അപഗ്രഥന വിധേയമാക്കി ഈ രംഗങ്ങളിൽ മുസ്ലീം ജനവിഭാഗം അനുഭവിക്കുന്ന അവശതകൾ കണ്ടെത്തി ക്രിയാത്മകമായ ഇടപെടലുകളിലൂടെ അവയ്ക്ക് പരിഹാരം കണ്ടെത്താനുള്ള ശുപാർശകൾ അടങ്ങിയ വിശദമായ റിപ്പോർട്ട് ജസ്റ്റിസ് രജീന്ദർ സച്ചാറിന്റെ നേതൃത്വത്തിലുള്ള ഉന്നതതല സമിതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കേരളത്തിലെ മുസ്ലീങ്ങളുടെ സാഹചര്യം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായതിനാൽ സച്ചാർ കമ്മിററി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്കനുസൃതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ മുസ്ലീം സമുദായത്തിന്റെ അവസ്ഥയെ ക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ ഒരു കമ്മിററിയെ നിയോഗിച്ചത്. |
| (ബി) | പ്രസ്തുത കമ്മിററി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ വിശദമാക്കുമോ; | (ബി) | പാലൊളി കമ്മിററി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശുപാർശകൾ ലഭിച്ചശേഷം അവ നടപ്പാക്കാൻ മുൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ; | (സി) | കമ്മിററി ശുപാർശകൾ സർക്കാർ അംഗീകരിക്കുകയുണ്ടായി ബിരുദ/ ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപൻറ് ഇവ ഏർപ്പെടുത്തി. അഭ്യസ്ത വിദ്യരായ മുസ്ലീം യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി, പിഎസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവയിൽ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, എറണാകുളം ജില്ലകളിലെ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപകർക്ക് ഏർപ്പെടുത്തിയ ക്ഷേമനിധി പദ്ധതി നടപ്പാക്കുകയും ഇതിന്റെ നടത്തിപ്പിനായി കോഴിക്കോട് ആസ്ഥാനമായി ഓഫീസ് ആരംഭിക്കുകയും ചെയ്തു. ക്ഷേമ നിധിയിലേക്ക് സർക്കാർ വിഹിതമായി 10 കോടി രൂപ അനുവദിച്ചു. ഇന്ത്യൻ പോസ്റ്റൽ വകുപ്പ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കി വരുന്നു. ദഖ്നി, കച്ചിമെമൻ എന്നീ വിഭാഗങ്ങളെ ഒ.ബി.സി യിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ജില്ലാ തലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേററുകളിലും സെൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി ന്യൂനപക്ഷക്ഷേമ ഡയറക്ടറേററ് രൂപീകരിച്ചു. സെക്രട്ടേറിയററിൽ രൂപീകരിച്ച ന്യൂനപക്ഷ സെൽ ന്യൂനപക്ഷ ക്ഷേമ വകുപ്പാക്കി. മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിലെ ടോയ്‌ലററുകളില്ലാത്ത 284 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പുവരുത്തി 'പെൺകുട്ടികൾക്ക് ഉപയുക്തമായ ടോയ്‌ലററുകൾ' ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിച്ചു വരുന്നു. |
| (ഡി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ രൂപീകരണം സംബന്ധിച്ച ശുപാർശ നൽകിയിരുന്നോ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | നൽകിയിരുന്നു. തിരുവനന്തപുരത്ത് അധ്യാപക ഭവൻ ലെയിനിലുള്ള എം. ഇ. എസ്. സെന്റർ കെട്ടിടത്തിലാണ് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേററ് ഇപ്പോൾ പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ശുപാർശകൾ നടപ്പാക്കാനായി മുൻസർക്കാരിന്റെ കാലത്ത് എന്തു തുക ചെലവഴിച്ചു; | (ഇ) | കമ്മിററി ശുപാർശകൾ നടപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലയളവിൽ 2008-09, 2009-10, 2010-2011 എന്നീ മൂന്നു വർഷങ്ങളിലായി മൊത്തം 2451.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) | ശുപാർശകൾ പൂർണ്ണമായി നടപ്പാക്കാൻ എന്തു തുക വേണ്ടി വരുമെന്നത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | (എഫ്) | കമ്മിററി റിപ്പോർട്ടിലെ ശുപാർശകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടു ചെയ്തുവരുന്നവയായതിനാൽ നിർദ്ദിഷ്ട പദ്ധതികൾക്കുള്ള തുക മുൻകൂട്ടി കണക്കാക്കുക പ്രായോഗികമല്ല. വിവിധ വകുപ്പുകളിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വാർഷിക ബഡ്ജററ് വിഹിതത്തിന് വിധേയമായാണ് ശുപാർശകൾ നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

1. സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകുക. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന സമാനമായുള്ള കാര്യങ്ങളെ ഈ വകുപ്പിലേക്ക് ഏകോപിപ്പിക്കുക. ഇതിന്റെ ജില്ലാതല ഭരണ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുക.
2. മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികളുടെ ഭാഗമായി വകുപ്പ് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന സെക്രട്ടറിയേറ്റിൽ ന്യൂനപക്ഷ ക്ഷേമ സെൽ രൂപീകരിക്കുക.
3. മദ്രസ്സാ അധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിന് സർക്കാർ ഒരു കോടി രൂപ ഗ്രാന്റ് നൽകുക. പ്രതിവർഷം ഒരു കോടി രൂപയെങ്കിലും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക.
4. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശങ്ങൾ എസ്.സി/എസ്.ടി പദ്ധതി നിർവ്വഹണം പോലെ സത്വര വേഗതയിൽ നടപ്പിലാക്കുക.
5. ന്യൂനപക്ഷ പാക്കേജ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി ഉടനെ നടപ്പാക്കുക. ഇതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപ്പിൽ വരുത്തുക.
6. മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിഷയത്തിൽ അടിയന്തിര പരിഗണന നൽകുക. ആവശ്യമായ തുക അനുവദിക്കുക.
7. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അടിയന്തിര പരിഗണന നൽകുക.
8. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയും കമ്മറ്റി പ്രവർത്തനവും ഉടനടി ആരംഭിക്കുക. താത്കാലിക നിയമനങ്ങൾക്ക് ഉടൻ നടപടി സ്വീകരിക്കുക
9. ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക.
10. തീരദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾക്കു രൂപം നൽകുക.

(signature)

സെക്ഷൻ ഓഫീസർ.